**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 664** **05-10-2021 - ൽ മറുപടിയ്ക്ക്**

**ഇലക്ട്രിക് പോസ്റ്റുകൾ വഴി സ്വകാര്യ കേബിൾ സേവനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | Shri. K. Krishnankutty<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ഇ.ബി.യുടെ ഇലക്ട്രിക് പോസ്റ്റുകൾ സ്വകാര്യ കേബിൾ ഓപ്പറേറ്റർമാർ ഉപയോഗിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന് നിയമാനുസൃതമായ അനുവാദം കെ.എസ്.ഇ.ബി. നൽകിവരുന്നുണ്ടോ; ഉണ്ടെങ്കിൽ കഴിഞ്ഞ അഞ്ച് വർഷം ഈയിനത്തിൽ എത്ര തുക ലഭിച്ചുവെന്ന് വ്യക്തമാക്കാമോ; | (എ) | കെ.എസ്.ഇ.ബി-യുടെ ഇലക്ട്രിക്ക് പോസ്റ്റുകൾ കേബിൾ ഓപ്പറേറ്റർമാർ ഉപയോഗിക്കുന്നതിനു നിയമാനുസൃതമായ അനുവാദം നൽകി വരുന്നുണ്ട്. കഴിഞ്ഞ അഞ്ച് വർഷം ഈയിനത്തിൽ ലഭിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു. |
| (ബി) | ഇലക്ട്രിക് പോസ്റ്റുകളിൽ സ്വകാര്യവ്യക്തികൾ അശാസ്ത്രീയമായ രീതിയിൽ കേബിൾ ഇടുന്നതിന്റെ ഭാഗമായി അപകടം റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | കെ.എസ്.ഇ.ബി ലിമിറ്റഡിന്റെ വൈദ്യുതി പോസ്റ്റുകളിലൂടെ കേബിൾ ഇടുന്നതിന്റെ ഭാഗമായും, ടി കേബിളുകളുടെ അറ്റകുറ്റ പണികൾ നടത്തുമ്പോഴും, കെ.എസ്.ഇ.ബി ലിമിറ്റഡിന്റെ അറിവോ സമ്മതമോ കൂടാതെ അനധികൃതമായും, അശ്രദ്ധമായും, സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാതെയും പ്രവർത്തിക്കുന്നത് മൂലം കെ.എസ്.ഇ.ബി ലിമിറ്റഡ് പ്രതിഷ്ഠാപനങ്ങളിൽ നിന്നും വിരളമായി അപകടങ്ങൾ സംഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | ഉണ്ടെങ്കിൽ ഇപ്രകാരം അപകടം സംഭവിച്ചവർക്ക് കെ.എസ്.ഇ.ബി. നഷ്ടപരിഹാരം നൽകിവരുന്നുണ്ടോ; വിശദമാക്കാമോ? | (സി) | അശ്രദ്ധ, സൂക്ഷ്മതക്കുറവ്, അറിവില്ലായ്മ, സുരക്ഷാ മുൻകരുതലുകൾ പാലിക്കുന്നതിലെ വിമുഖത തുടങ്ങിയ കാരണങ്ങളാൽ കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ പ്രതിഷ്ഠാപനങ്ങളിൽ നിന്നും മാരകമായതും മാരകമല്ലാത്തതുമായ വൈദ്യുതാഘാതമേൽ- ക്കുന്ന മരണപ്പെട്ടയാളുടെ അനന്തരാവകാ- ശികൾക്ക് വൈദ്യുത സുരക്ഷാ പദ്ധതിയിലെ വ്യവസ്ഥകൾക്ക് വിധേയമായി പരമാവധി 2 ലക്ഷം രൂപ അനുവദിക്കപ്പെടുവാൻ അർഹതയുണ്ട്. കൂടാതെ മാരകമല്ലാത്ത ഇത്തരം അപകടങ്ങൾക്ക്, അപകടത്തിന്റെ ഫലമായി ഉണ്ടാകുന്ന സ്ഥിരവും സ്ഥായിയുമായ അംഗവൈകല്യത്തിന്റെ ശതമാനത്തിന് ആനുപാതികമായി ആശ്വാസധനസഹായം (പരമാവധി 2 ലക്ഷം രൂപ വരെ) അനുവ- ദിക്കപ്പെടുന്നതിന് അർഹതയുണ്ട്. |

സെക്ഷൻ ഓഫീസർ

664- Annexure

| വർഷം | ലഭിച്ച തുക (കോടിയിൽ) |
|---|---|
| 2016-17 | 33.74 |
| 2017-18 | 36.42 |
| 2018-19 | 32.75 |
| 2019-20 | 30.91 |
| 2020-21 | 52.26 |